DESPATCHED
On...11/06/2020

1.6.2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 772(2)/2018**/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **3546**/എസ്.ഐ.സി-ജി 6/18)

സന്നിഹിതൻ

ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.സി.ചന്ദ്രമോഹനൻ,
ശശികലാലയം, കൾച്ചറൽ ജംഗ്ഷൻ,
ചെറുപൊയ്ക പി.ഒ., കൊല്ലം. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&
സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്,
കരിമ്പിൻ പുഴ പി.ഒ., പുത്തൂർ, കൊല്ലം – 691 507.

2. അപ്പീൽ അധികാരി&
പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ,
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.12.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 04.01.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 10.01.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.01.2018 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.04.2018 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 06.04.2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 12.02.2020 കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ.സി.ചന്ദ്രമോഹനൻ,

04.04.2018ന് സമർപ്പിച്ച അപ്പീൽ ഹർജി 06.04.2018ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.772(2)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചുവെന്നും ആയതിന്മേൽ ഹർജിക്കാരന് മറുപടി നൽകുന്നതിനായി ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയിട്ടും കൃത്യമായ മറുപടി നൽകാതെ ഒളിച്ചുകളിക്കുന്ന നടപടിയാണ് സ്വീകരിച്ചതെന്നും ആകയാൽ ടിയാന്റെ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.12.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,70% വൈകല്യം ഉള്ള ടിയാന് 2015ലെ ഭജനമഠം വാർഡ് ഗ്രാമസഭ വീട് അനുവദിച്ചതിൽ നടത്തിയ തിരിമറികളെക്കുറിച്ച് 2016ൽ കളക്ടറുടെ ജനസമ്പർക്കപരിപാടിയിൽ നൽകിയ അപേക്ഷയെ തുടർന്ന് പഞ്ചായത്ത് സെക്രട്ടറി അയച്ചു നൽകിയ മറുപടിയിൽ യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ലെന്നാണ്. ആയതിന് 04.01.2018ന് നൽകിയ മറുപടിയിൽ ഭൂരഹിതരും ഭവനരഹിതരുമായ കുടുംബാംഗങ്ങൾക്കാണ് ലൈഫ് പദ്ധതിപ്രകാരം ആനുകൂല്യം നൽകുന്നതെന്നും ടി ഗ്രാമപഞ്ചായത്തിലെ ലൈഫ് സപ്ലിമെന്ററി ലിസ്റ്റിൽ ടിയാനെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നുമാണ് മറുപടി നൽകിയത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിൽ ഹർജിക്കാരന്റെ അപ്പീൽ തീർപ്പാക്കുന്നതിനായി വിളിച്ച് ചേർത്ത കൂടിക്കാഴ്ചയ്ക്ക് ടിയാനും ഒന്നാം എതിർകക്ഷിയും ഹാജരാകുകയും ശാരീരിക അസ്വസ്ഥത ഉള്ളതിനാൽ ഹിയറിംഗിന് ഹാജരാകില്ലെന്ന വിവരം ഹിയറിംഗ് ദിവസം കത്തു മുഖേന അപ്പലേറ്റ് അതോറിറ്റിയെ ബോധിപ്പിക്കുകയും ടിയാന്റെ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലെന്നുമാണ്. എന്നാൽ ടി ഓഫീസിൽ ലഭ്യമായ വിവരങ്ങളാണ് നൽകിയതെന്നു ഒന്നാം എതിർകക്ഷി മൊഴി നൽകി. നേരിൽ കേട്ടതിന്റെയും സമർപ്പിച്ച രേഖകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് കളക്ടറുടെ ജനസമ്പർക്ക പരിപാടിയിൽ നൽകിയ അപേക്ഷ സംബന്ധിച്ച വിവരങ്ങളും ലൈഫ് മിഷൻ സർവ്വെയിൽ ഹർജിക്കാരനെ ഉൾപ്പെടുത്താത്തതിന്റെ കാരണവും ആയിരുന്നുവെന്നും ടിയാന് നൽകിയ മറുപടിയിൽ ലൈഫ് മിഷൻ സർവ്വെയിൽ ടിയാനെ ഉൾപ്പെടുത്തിയത് സംബന്ധിച്ച വിവരം മാത്രമേ നൽകിയതായി കാണുള്ളുവെന്നും കളക്ടറുടെ ജനസമ്പർക്ക

പരിപാടിയിലെ അപേക്ഷ സംബന്ധിച്ച വ്യക്തമായ വിവരം ടിയാന് എസ്.പി.ഐ.ഒ. നൽകിയതായി കാണുന്നില്ല എന്നും ആയതിനാൽ ഇതു സംബന്ധിച്ച വിവരം ഹർജിക്കാരന് സൗജന്യമായി ലഭ്യമാക്കുന്നതിന് എസ്.പി.ഐ.ഒ.യെ ചുമതലപ്പെടുത്തി അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 10.02.2010ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഒന്നാം എതിർക്ഷിയെ നേരിൽ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. കൂടാതെ അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം 08.03.2018ൽ ടിയാന് വ്യക്തമായ മറുപടി നൽകിയിരുന്നുവെന്നും അടുത്ത വർഷത്തെ വാർഷിക പദ്ധതിയിൽ ഭവന നിർമ്മാണത്തിന് പ്രോജക്ട് ഏറ്റെടുക്കുകയാണെങ്കിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരണമായി അർഹതാ മാനദണ്ഡങ്ങൾ പ്രകാരം ഹർജിക്കാരനേയും പരിഗണിക്കുന്നതാണെന്നുള്ള വിവരം ടിയാനെ അറിയിച്ചിട്ടുണ്ടെന്നും ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അപ്പീൽ അധികാരിയുടെ വിവരങ്ങളോ അപ്പീൽ കാലാവധിയോ സൂചിപ്പിച്ചിരുന്നില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്. ഇത്തരം വീഴ്ചകൾ ആവർത്തിക്കാൻ പാടില്ല എന്ന നിർദ്ദേശത്തോടെയും ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിലും ഈ അപ്പീൽ ഹർജി ഇന്നേദിവസം 2020 ജൂൺ 1-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)

Ge/

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM